"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണ വകുപ്പ്- RTI ഓൺലൈൻ പോർട്ടലുമായി ബന്ധപ്പെട്ട സംശയനിവാരണത്തിനും സപ്പോർട്ടിനുമായി RTI പോർട്ടൽ സപ്പോർട്ട് സെൽ രൂപീകരികരിച്ച് ഉത്തരവാകുന്നു.

---

**പൊതുഭരണ (ഏകോപനം) വകുപ്പ്**

സ.ഉ.(സാധാ) നം.2966/2024/GAD തീയതി,തിരുവനന്തപുരം, 04-07-2024

---

പരാമർശം:- 1. സ.ഉ(സാധാ) നം.94/2023/പൊഭവ തീയതി, 19/06/2023

2. സ.ഉ(സാധാ) നം.5642/2023/പൊഭവ തീയതി, 21/12/2023

**<u>ഉത്തരവ്</u>**

RTI ഓൺലൈൻ പോർട്ടലിന്റെ സ്റ്റേറ്റ് നോഡൽ ഓഫീസർമാരായി പൊതു ഭരണ (എഫ്.എഫ്) വകുപ്പിലെ സെക്ഷൻ ഓഫീസർ ആയ ശ്രീ.കിരൺ ചിത്തിനെയും അസിസ്റ്റൻറ് ആയ ശ്രീമതി ആതിര വിജയനെയും പരാമർശം (2) പ്രകാരം നിയമിച്ച് ഉത്തരവായിരുന്നു. പ്രസ്തുത ഉദ്യോഗസ്ഥരാണ് നിലവിൽ RTI ഓൺലൈൻ പോർട്ടലുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളിലെ നോഡൽ ഓഫീസർമാരുടെ സംശയങ്ങൾക്ക് മറുപടി നൽകി വന്നിരുന്നത്. ഈ-ഓഫീസ് സംവിധാനം നിലവിലുള്ള ഭൂരിഭാഗം വകുപ്പുകളിലും RTI ഓൺലൈൻ സംവിധാനം നടപ്പിലാക്കിയതിനാൽ പ്രസ്തുത ഉദ്യോഗസ്ഥർക്ക് സ്വന്തം വകുപ്പുമായി ബന്ധപ്പെട്ട ഔദ്യോഗിക കാര്യങ്ങൾ നിർവഹിക്കുന്നതിനിടയിൽ പോർട്ടലുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് യഥാസമയം മറുപടി നൽകുവാൻ ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ട്.

2. ടി സാഹചര്യത്തിൽ RTI ഓൺലൈൻ പോർട്ടലുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളിലെ നോഡൽ ഓഫീസർമാർക്കുള്ള സംശയനിവാരണത്തിനും സപ്പോർട്ടിനുമായി RTI പോർട്ടൽ സപ്പോർട്ട് സെൽ രൂപീകരിച്ച് ഉത്തരവാകുന്നു. പൊതുഭരണ ഫ്രീഡം ഫൈറ്റർ സെക്ഷൻ RTI പോർട്ടൽ സപ്പോർട്ട് സെൽ ആയി പ്രവൃത്തിക്കുന്നതാണ്. പൊതുഭരണ ഫ്രീഡം ഫൈറ്റർ സെക്ഷനിലെ നിലവിലുള്ള ഉദ്യോഗസ്ഥർക്ക് സ്ഥലം മാറ്റമുണ്ടാകുമ്പോൾ വകുപ്പിൽ പകരം നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർ സെല്ലിന്റെ ഭാഗമാകുന്നതായിരിക്കും.

3. RTI പോർട്ടൽ സപ്പോർട്ട് സെല്ലിലേക്ക് സ്റ്റേറ്റ് നോഡൽ ഓഫീസർമാരെ കൂടാതെ താഴെപ്പറയുന്ന ഉദ്യോഗസ്ഥരെ കൂടി നിയോഗിച്ച് ഉത്തരവാകുന്നു. സെല്ലിലേക്ക് പുതുതായി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് സ്റ്റേറ്റ് നോഡൽ ഓഫീസർമാർ വേണ്ടപരിശീലനം നൽകേണ്ടതാണ് . സ്റ്റേറ്റ് നോഡൽ ഓഫീസർമാരുടെ അഭാവത്തിൽ പുതുതായി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ പോർട്ടലുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് വേണ്ട മറുപടി നൽകേണ്ടതാണ്.

| ക്രമ നമ്പർ | പേര് | ഡെസിഗ്നേഷൻ | വകുപ്പ് |
|---|---|---|---|
| 1 | ശ്രീ.സുനിൽകുമാർ | അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ | പൊതു ഭരണ (എഫ്.എഫ്) വകുപ്പ് |
| 2 | ശ്രീമതി.സ്നേഹ ഷൈലേന്ദ്രൻ | സീനിയർ ഗ്രേഡ് അസിസ്റ്റന്റ് | പൊതു ഭരണ (എഫ്.എഫ്) വകുപ്പ് |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് റിയാസ്
അഡിഷണൽ സെക്രട്ടറി

സ്റ്റേറ്റ് ഇൻഫോർമാറ്റിക് ഓഫീസർ

എൻ.ഐ.സി, സ്റ്റേറ്റ് ഇൻഫോർമാറ്റിക് സെന്റ്ർ, വെള്ളയമ്പലം,സി- ഡാക്ക് ബിൽഡിംഗ്,

തിരുവനന്തപുരം

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

വിവരപൊതുജന സമ്പർക്ക വകുപ്പ്

വെബ് & ന്യൂ മീഡിയ

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sabu T K
സെക്ഷൻ ഓഫീസർ
Date: 04-07-2024 12:08:42